കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ 'എന്റെ കൂട്' പദ്ധതിക്കായി കോസ്റ്റ്ഫോർഡ് എന്ന ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ(സാധാ)നം.177/2018/സാനീവ                    തീയതി, തിരുവനന്തപുരം, 23/03/2018.

---

പരാമർശം : 1. സ.ഉ.(സാധാ)നം.424/17/സാനീവ തീയതി 29.06.2017.
2. സ.ഉ.(അച്ചടിച്ചത്) 95/2017/ധന തീയതി 25.07.2017.
3. സാമൂഹ്യനീതി ഡയറക്ടറുടെ 05.01.2018-ലെ ജി3-25056/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ, നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കാൻ വിഭാവനം ചെയ്ത "എന്റെ കൂട്" പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കായി പരാമർശം (1) പ്രകാരം 41,26,350/- രൂപയുടെ (നാല്പത്തൊന്നു ലക്ഷത്തി ഇരുപത്താറായിരത്തി മുന്നൂറ്റമ്പതു രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പ്രസ്തുത പദ്ധതിയ്ക്ക് കോസ്റ്റ്ഫോർഡ് എന്ന ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 19,50,000/- രൂപ (പത്തൊമ്പതു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അംഗീകരിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ, നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ വിഭാവനം ചെയ്ത "എന്റെ കൂട്" പദ്ധതിയ്ക്കായി കോസ്റ്റ്ഫോർഡ് എന്ന ഏജൻസി സമർപ്പിച്ച അനുബന്ധമായി ചേർത്തിട്ടുള്ള 19,50,000/- (പത്തൊമ്പതു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ട് പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേല്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു പ്രഭാകർ**

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ (എ & ഇ)) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് WW-WW2/60/2018-Fin പ്രകാരം.